**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1360** **11.08.2017 ൽ മറുപടിയ്ക്ക്**

**തരിശ് ഭൂമി കർഷക കൂട്ടായ്മകൾക്ക് ലഭ്യമാക്കൽ**

| ചോദ്യം<br>**ശ്രീ.വി. കെ. സി. മമ്മത് കോയ** | മറുപടി<br>**ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
|---|---|
| എ) സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ളതും വർഷങ്ങളോളം തരിശായി കിടക്കുന്നതുമായ സ്ഥലങ്ങൾ ഹ്രസ്വകാല കൃഷികൾക്കായി കർഷക കൂട്ടായ്മകൾക്ക് താല്ക്കാലികമായി നൽകുവാൻ സാധിക്കുമോ; ഈ കാര്യം പരിശോധിക്കുമോ; | എ) നിലം പരിവർത്തനപ്പെടുത്തുകയും നെൽവയലിന്റെ സ്വഭാവം പൂർണമായി മാറ്റുകയും ചെയ്യാത്ത രീതിയിലുള്ള ഹ്രസ്വകാല കൃഷികൾക്കായി നൽകുവാൻ സാധിക്കും. ഇക്കാര്യം പരിശോധിക്കുന്നുണ്ട്. |
| ബി) കോഴിക്കോട് ഒളവണ്ണയിലുള്ള ബോട്ടാണിക്കൽ ഗാർഡന്റെ അധീനതയിലുള്ള ഏക്കർ കണക്കിന് നെൽവയൽ വർഷങ്ങളോളമായി തരിശായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) പ്രസ്തുത പ്രദേശത്ത് ബോട്ടാണിക്കൽ ഗാർഡൻ വിഭാവനം ചെയ്ത പദ്ധതികൾ വരുന്നതു വരെ ഹ്രസ്വകാല വിളകൾ കൃഷി ചെയ്യുവാൻ പ്രാദേശിക കർഷക കൂട്ടായ്മകൾക്ക് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ? | സി) ബൊട്ടാണിക്കൽ ഗാർഡൻ വിഭാവനം ചെയ്ത പദ്ധതികൾ വരുന്നത് വരെ മേൽപറഞ്ഞ പ്രദേശത്ത് കൃഷിയിറക്കാൻ ഒളവണ്ണ പഞ്ചായത്തിലെ 23-ാം വാർഡിലെ കർഷക കൂട്ടായ്മ തയ്യാറായിട്ടുണ്ട്. ആയതിനുള്ള നടപടികൾ ഒളവണ്ണ കൃഷി ഓഫീസർ സ്വീകരിച്ചിട്ടുണ്ട്. |

Mayap

**സെക്ഷൻ ഓഫീസർ**